ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് മാസത്തിൽ ഏതെങ്കിലും സംഘടനയുടെ ആഭിമുഖ്യത്തിൽ റെയിൽവേ ട്രാക്കിൽ മനുഷ്യശൃംഖല സൃഷ്ടിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾ നേടാനാണ് ഈ ശൃംഖല സൃഷ്ടിച്ചത്;

(സി) സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് ഉത്തരവാദിത്തമുള്ളത് കേന്ദ്ര ഗവൺമെന്റിനാണോ സംസ്ഥാന ഗവൺമെന്റിനാണോ എന്ന് വിശദീകരിക്കുമോ;

(ഡി) റെയിൽവേ ട്രാക്കിൽ മനുഷ്യ ശൃംഖല സൃഷ്ടിച്ചതിനോടനുബന്ധിച്ച് എവിടെയെല്ലാം ട്രെയിനുകൾക്ക് നേരെ കല്ലേറുണ്ടായി; ഇതിൽ എത്ര റെയിൽവേ ഉദ്യോഗസ്ഥന്മാർ പരുക്കേറ്റ് ആശുപത്രിയിലായി;

(ഇ) എത്ര ട്രെയിൻ യാത്രക്കാർക്ക് കല്ലേറിൽ പരിക്കേറ്റു;

(എഫ്) റെയിൽവേ ട്രാക്കിൽ കല്ലേറും മറ്റു വിധത്തിലുള്ള നാശനഷ്ടങ്ങളും ഉണ്ടാകാതിരിക്കുവാൻ ആ ദിവസം എന്തെല്ലാം മുൻകരുതലുകൾ കൈക്കൊണ്ടിരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കും തൊഴിലില്ലായ്മക്കും എതിരെയായിരുന്നു മനുഷ്യശൃംഖല സൃഷ്ടിച്ചത്.

(സി) യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് സംസ്ഥാന ഗവൺമെന്റിനും കേന്ദ്രഗവൺമെന്റിനും ഒരുപോലെ ഉത്തരവാദിത്തമുണ്ട്.

(ഡി) തിരുവനന്തപുരം, പേട്ട, കോട്ടയം, പൂവൻ തുരുത്ത്, പാലക്കാട് എന്നിവിടങ്ങളിൽ ട്രെയിനുകൾക്ക് നേരെ കല്ലേറുണ്ടായി. ഇതിൽ മൂന്ന് റെയിൽവേ ഉദ്യോഗസ്ഥർക്ക് പരിക്കുപറ്റി.

(ഇ) ട്രെയിൻ യാത്രക്കാർക്ക് പരിക്കുപറ്റിയിട്ടില്ല.

(എഫ്)ട്രെയിനുകളിൽ പട്രോൾ ഡ്യൂട്ടിക്കും റെയിൽവേ ട്രാക്കിലും പ്ലാറ്റ്ഫോമുകളിലും ബീറ്റ്, പട്രോളിംഗ് മുതലായ ഡ്യൂട്ടികൾക്കും ആവശ്യത്തിന് പോലീസുകാരെ നിയോഗിച്ചിരുന്നു.

93 (1453) ആകാശവാണി തിരുവനന്തപുരം എഫ്.എം. നിലയത്തിന്റെ പ്രവർത്തനം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആകാശവാണി തിരുവനന്തപുരം എഫ്.എം. നിലയം പ്രവർത്തന സജ്ജമായിട്ടും കമ്മിഷനിംഗ് വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എഫ്.എം. നിലയത്തിൽനിന്നും എത്രയുംവേഗം പ്രക്ഷേപണം ആരംഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഫ്.എം. നിലയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. പുതിയ തസ്തികകൾ അനുവദിച്ചാലുടൻ ട്രാൻസ്മിറ്റർ കമ്മിഷനിംഗ് ആരംഭിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

94 (1454) സീനിയർ സൂപ്രണ്ടിന്റെ പേരിൽ വിജിലൻസ് അന്വേഷണം

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടിന്റെ പേരിൽ ഇ5/5464/94 നമ്പറായി വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ;

(ബി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടിയെടുത്തുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി.

(ബി) പ്രാഥമിക അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സർക്കാർ നിർദ്ദേശാനുസരണം മൂന്നാർ പോലീസ് ഐ.പി.സി 409, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 82/95 ആയി കേസ്സ് എടുത്തിട്ടുണ്ട്.

95 (1455) വിജിലൻസ് കമ്മിറ്റിയുടെ യോഗം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എക്സൈസ് വിജിലൻസ് കമ്മിറ്റിയുടെ ഏറ്റവും ഒടുവിലത്തെ യോഗം നടന്നത് എന്നാണ്;

(ബി) ഈ യോഗത്തിൽ പോലീസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ പോലും പങ്കെടുത്തില്ല എന്നകാര്യം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് കമ്മിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly